## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1697** **08.06.2018- ൽ മറുപടിയ്ക്ക്**

**ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തപ്പെട്ട വിവരം തിരുത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.കെ. രാജൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം തയ്യാറാക്കിയ ഡേറ്റാ ബാങ്കിൽ വിവരങ്ങൾ തെറ്റായി ഉൾപ്പെടുത്തപ്പെട്ടത് തിരുത്തുന്നതിനായി ഒല്ലൂർ നിയോജക മണ്ഡലത്തിലെ പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ, നടത്തറ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പ്രസ്തുത മണ്ഡലത്തിൽ ഉൾപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ഡിവിഷനുകളിൽ നിന്നും പ്രാദേശിക നിരീക്ഷണ സമിതികൾ മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ | (എ) 3100 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ? | (ബി) പ്രാദേശികതല നിരീക്ഷണ സമിതികൾ പ്രസ്തുത അപേക്ഷകളിന്മേൽ സ്ഥലപരിശോധന നടത്തി ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടു കൂടി കെസ്റക്ക് (KSREC) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്ക് തിരുത്തി പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ